# സാമൂഹിക നീതിക്ക് വേണ്ടിയുള്ള സാമൂഹിക പ്രവർത്തനം – ഒരു ലഘുവിചാരം

ഫിലിപ്പ് മാത്യു

പരിഭാഷ : എൻ.പി.ജെ.

സാമൂഹികമായ എല്ലാ ബന്ധങ്ങളും ശക്തി (അധികാര) ബന്ധങ്ങളാൽ സങ്കീർണമാക്കപ്പെട്ടിട്ടുള്ളവയാണ്. ശക്തിബന്ധങ്ങളുടെ സവിശേഷമായ ഗതികം അസമത്വങ്ങളെ ആനയിക്കുന്നു. ഈ അസമത്വം അനീതിയായും തിരിച്ചറിയപ്പെടുന്നു. എല്ലാ തരത്തിലുള്ള സാമൂഹ്യബന്ധങ്ങളും പരസ്പര പ്രതിപ്രവർത്തനങ്ങളും - സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ സാസ്കാരികമോ, അഥവാ പ്രകൃതിയുമായുള്ള ബന്ധങ്ങളോ - ഒരു തുലനാവസ്ഥയിൽ സാധ്യമാണ് എന്ന കാഴ്ചപ്പാടിന്മേൽ പടുത്തുയർത്തിയതാണ് സാമൂഹികനീതി എന്ന ആശയം. അത്തരം ഒരു സമൂഹത്തെ നാം നീതിയുക്തമായ, സ്ഥിതിസമത്വമുള്ള ഒരു സമൂഹമായി ഗണിക്കുന്നു. അതിനാൽ സാമൂഹിക നീതിക്കായുള്ള ഏതു പരിശ്രമവും സാമൂഹിക സന്തുലനത്തിനും വഴിവയ്ക്കുന്നതാകുമെന്ന് കരുതാം.

സാമൂഹിക സമത്വത്തിനായുള്ള ഏതൊരു പ്രവർത്തിയും സമൂഹത്തിൽ നിലനൽക്കുന്ന അസമത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന് അനുസൃതമായിരിക്കും. സാമൂഹിക സമത്വത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് ഒരു സമൂഹത്തിൽ നിലനിൽക്കുന്ന അനീതിയെക്കുറിച്ചുള്ള നമ്മുടെ അറിവിനെ നിർണയിക്കുന്നു. സമൂഹം, വർഗം, ജാതി, ലിംഗഭേദം, വംശീയത, സാംസ്കാരം തുടങ്ങിയവയാൽ സങ്കീർണ്ണമായ സമുദായങ്ങളെ ഉൾക്കൊള്ളുന്നതാകയാൽ ഏതൊരു നിർദ്ദിഷ്ട സമൂഹത്തിലും നീതിയെക്കുറിച്ചുള്ള കാഴ്ചപ്പാടും വ്യത്യസ്തമാകും.

നർമ്മദാ താഴ്വരയിലെ രാഷ്ട്രീയമായ് പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസികളും ദലിതരും തൊഴിലാളികളും കർഷകരും അടങ്ങുന്ന ജനസമൂഹത്തിന്റെ വീക്ഷണകോണിലൂടെ സാമൂഹ്യനീതിക്കായുള്ള സാമൂഹികപ്രവർത്തനത്തെക്കുറിച്ചുള്ള ചിന്തകൾ പ്രകാശിപ്പിക്കുന്നതിനാണ് ഈ ചെറുകുറിപ്പിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ ശ്രമിക്കുന്നത്. നർമ്മദാ താഴ്‌വരയിൽ വൻകിട അണക്കെട്ടുകൾക്കു വേണ്ടി കുടിയൊഴിക്കപ്പെട്ടവർ കഴിഞ്ഞ 22 വർഷങ്ങളായി നടത്തിവരുന്ന സമരം പരക്കെ അറിയപ്പെടുന്ന ഒന്നാണ്. മറ്റു പരിഗണനകളോടൊപ്പം ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള നിലനില്പുള്ള ജീവിത - ആവാസ വ്യവസ്ഥയ്ക്കും അന്തസ്സാർന്ന ജീവിതത്തിനുമുള്ള അവകാശത്തെ ആസ്പദമാക്കുന്ന മനുഷ്യവകാശ കാഴ്ചപ്പാടുകളാണ് അവരുടെ സാമൂഹികനീതി സങ്കല്പങ്ങളെ പ്രചോദിപ്പിക്കുന്നത്.

ഭരണകൂടത്തിന്റെ ക്ഷേമാസ്പദ സമീപനവും നർമ്മദാ സംരക്ഷണ പ്രക്ഷോഭകരുടെ അവകാശാധിഷ്ഠിത സമീപനവും തമ്മിലുള്ള തീവ്രസംഘർഷത്തെ ഈ സമരം നന്നായി പ്രതിഫലിപ്പിക്കുന്നുണ്ട്. ഗുജറാത്ത് പരാതി പരിഹാര അതോറിറ്റി (GRO) യുടെ ചുമതലക്കാരനായ ഒരു ഐ.എ.എസ്സ്. ഓഫീസറുമായുള്ള സംഭാഷണത്തിനിടയിൽ അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. "മറ്റൊരു ഗവൺമെന്റും നാളിതുവരെ ചെയ്തിട്ടില്ലാത്തവിധം ഞങ്ങൾ കുടിയിറക്കപ്പെട്ട ഗോത്രക്കാർക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകി. ഭൂമി, ചുടുകല്ലിൽ പണിത വീടുകൾ, കുട്ടികൾക്ക് വിദ്യാഭ്യാസം, ആധുനിക ചികിത്സാ സൗകര്യങ്ങൾ... എന്നിട്ടും സർക്കാരിന്റെ സന്മനോഭാവങ്ങളെ തെല്ലും ഗൗനിക്കാതെ നിങ്ങൾ പരാതി പറഞ്ഞുകൊണ്ടേയിരിക്കുകയും പോരാട്ടം നടത്തുകയുമാണ്. കിട്ടിയതൊന്നും തികയാത്ത അത്യാഗ്രഹികളാണ് നിങ്ങൾ, ഇതു മര്യാദയല്ല." എൻ.ബി.എ. പ്രവർത്തകൻ അതിന് ഇപ്രകാരം മറുപടി പറഞ്ഞു. "ഞങ്ങളുടെ മണ്ണിൽ നിന്ന് ആട്ടിയിറക്കപ്പെട്ടില്ലായിരുന്നെങ്കിൽ ഞങ്ങൾ ഒരിക്കലും ഇവിടെ വന്ന് നീതി ആവശ്യപ്പെടില്ലായിരുന്നു. ഞങ്ങൾ ഞങ്ങളുടെ അവകാശങ്ങളാണ് ഉന്നയിക്കുന്നത്. നിങ്ങളുടെ ഔദാര്യത്തിനും വേണ്ടി യാചിക്കുകയല്ല. ഞങ്ങളുടെ വിഭവങ്ങൾ തട്ടിപ്പറിച്ചെടുത്തുകൊണ്ട് നിങ്ങൾ ഞങ്ങളെ അത്യാഗ്രഹികൾ എന്നു വിളിക്കുന്നു. നിങ്ങൾക്ക് ശരിയായിരിക്കുന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം തെറ്റാണ്."

സാമൂഹ്യപ്രവർത്തകർ ഇക്കാലത്ത് അഭിമുഖീരിക്കുന്ന വെല്ലുവിളികളിലൊന്ന് സാമൂഹ്യനീതിയെക്കുറിച്ച് പ്രശ്നബാധിതരായ ജനങ്ങളുടേതിൽനിന്ന് വ്യത്യസ്തമായി അധികാരികൾ ഉയർത്തിപ്പിടിക്കുന്ന തികച്ചും കടകവിരുദ്ധമായ ഇത്തരം വീക്ഷണങ്ങളാണ്. ആധുനിക ജനാധിപത്യഭരണകൂടം വികസനത്തെ

ക്കുറിച്ചും സാമൂഹികനീതിയെക്കുറിച്ചും ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള സവിശേഷവ്യവഹാരങ്ങൾ അസമത്വത്തെയും പാപ്പരീകരണത്തെയും സംബന്ധിച്ച യഥാർത്ഥ പ്രശ്നങ്ങളെ സാധാരണ കാര്യങ്ങളാക്കി മാറ്റുകയും മുഖ്യധാരയിലുള്ളവർ രാഷ്ട്രീയമായ് ശക്തിഹീനരാക്കപ്പെട്ട ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് അജ്ഞരായി മാറുകയും ചെയ്യുന്നു. മിക്ക പൊതുജനങ്ങൾ ആകട്ടെ തങ്ങളുടെ സ്വാനുഭവങ്ങളായി വരാത്തിടത്തോളം കുടിയൊഴിപ്പിക്കലിനെക്കുറിച്ചും അനീതിയെക്കുറിച്ചും മനുഷ്യാവകാശങ്ങളെക്കുറിച്ചും പറയുമ്പോൾ അത് മനസ്സിലാക്കുന്നതേയില്ല. ഭരണകൂടത്തെയും അതിന്റെ ധർമ്മങ്ങളെയും കുറിച്ച് വിമർശനലേശമില്ലാത്ത ഒരു മനോനില സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനാൽ ആധുനികജനാധിപത്യഭരണകൂടത്തിലും അതിന്റെ രക്ഷാകർത്തൃത്വത്തിലും ആഴത്തിൽപ്പതിഞ്ഞ ഒരു വിശ്വാസമാണ് നമുക്കുള്ളത്.

ജനാധിപത്യപാർട്ടികൾ സാധാരണയായി വിലക്കയറ്റം, മതസൗഹാർദ്ദം, വ്യവസായവികസനം, പുരോഗതി, സമാധാനം തുടങ്ങിയ ജനപ്രിയ വിഷയങ്ങൾ ഏറ്റെടുക്കാറുള്ളത് നമുക്കറിയാം. അവർ ദാരിദ്ര്യലഘൂകരണത്തെക്കുറിച്ചും (ദാരിദ്ര്യനിർമ്മാർജ്ജനമെന്ന് പണ്ട്!) പറയുന്നുണ്ട്. ഇത് കാണിക്കുന്നത് അവരുടെയും സാധൂകരണം സാമൂഹികനീതിയെ ആസ്പദമാക്കുന്നുവെന്നാണ്. അതായത് സാമൂഹികപ്രവർത്തനത്തിന്റെ സാധൂകരണം പ്രായോഗികമായും സാമൂഹ്യനീതി എന്ന ആശയത്തിൽ നിന്നാണെന്ന് വരുന്നു. അതുകൊണ്ടുതന്നെ നീതിയെക്കുറിച്ച് ഏതു സമീപനം അവതരിപ്പിക്കുന്നുവെന്നത് - കാരുണ്യപൂർവ്വമായ ക്ഷേമപ്രവർത്തനമോ അതോ അന്തസ്സോടെയുള്ള അവകാശങ്ങളോ എന്നത് വേർതിരിച്ചറിയുന്നത് പ്രധാനമായിത്തീരുന്നു. ഇന്ന് പ്രബലങ്ങളായിട്ടുള്ള ആശയവ്യവഹാരങ്ങളിൽ, ശാക്തീകരണം, തുല്യപങ്കാളിത്തം, കാര്യശേഷി, ഉടമസ്ഥത തുടങ്ങിയവയും ഇടകലരുന്നുണ്ട്.

1980 കളുടെ തുടക്കം മുതലേ നമ്മുടെ സമ്പദ്‌വ്യവസ്ഥയിലേക്കും പരമാധികാരത്തിലേക്കും ആഗോളവിപണിയുടെ വർധിച്ച കടന്നുകയറ്റവും നാം കാണുന്നുണ്ട്. ഇപ്പോൾ നവ ലിബറൽ സാമ്പത്തിക ന്യായവാദങ്ങൾ ആഗോള സാമ്പത്തിക ബന്ധങ്ങളുടെ മേൽ ആധിപത്യം ചെലുത്തുകയും തദ്വാരാ സാമൂഹ്യ-രാഷ്ട്രീയ ബന്ധങ്ങളുടെ എല്ലാ തലങ്ങളെയും അത് ബാധിക്കുകയും ചെയ്യുന്നു. ഭരണകൂടം ക്രമേണ ദുർബലമാവുകയും ജനങ്ങളുടെ ദൈനംദിന ജീവിതത്തെ സാധിക്കുംവിധം രാഷ്ട്രീയ തീരുമാനങ്ങളെടുക്കത്തക്കവിധം വിപണി ശക്തിയാർജ്ജിക്കുകയും ചെയ്തിരിക്കുന്ന എന്ന ഒരു കാഴ്ചപ്പാട് പലരും പങ്കുവയ്ക്കുന്നുണ്ട്. ഈ സന്ദർഭം എന്താണ് സാമൂഹിക നീതിയെന്നും എന്താണ് സാമൂഹികപ്രവർത്തനം എന്നതു സംബന്ധിച്ച് ഗൗരവതരമായി വിലയിരുത്തലും ചിന്തയും ആവശ്യപ്പെടുന്നുണ്ട്. സാമൂഹിക പ്രവർത്തനം എന്നത് ഇത്തരുണത്തിൽ ഭരണകൂടത്തിന്റെയും വിപണിയുടെയും നടപടികളോടുള്ള പ്രതികരണം എന്നതിനേക്കാൾ നിരാലംബരാക്കപ്പെട്ട ജനത



യുടെ ജീവിക്കുന്നതിനുള്ള അവകാശം ഉറപ്പിച്ചടുക്കലായി കാണേണ്ടതുണ്ട്. ഭരണകൂടവും വിപണിയും പ്രചരിപ്പിക്കുന്ന സാമൂഹികനീതിസങ്കല്പങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു മാനദണ്ഡപ്രകാരം ജനങ്ങളുടെ സാമൂഹ്യനീതിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെ കാണേണ്ടതുണ്ട്. ഉദാഹരണത്തിന് സർദാർ സരോവർ അണക്കെട്ടുമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പണമായി സർക്കാർ നൽകുന്ന നഷ്ടപരിഹാരം സ്വീകരിച്ചുകൂടെയെന്ന് പൊതുസമൂഹം ചോദിച്ചേക്കാം. പ്രത്യേക സാമ്പത്തികമേഖലയുടെ കാര്യത്തിൽ ആദ്യം വാഗ്ദാനം ചെയ്യപ്പെട്ടതിനേക്കാൾ ഭേദപ്പെട്ട വില കർഷകർക്കു നൽകാമെന്നോ സ്ഥിരപ്പെടാൻ സാധ്യതയുള്ള ജോലി നൽകാമെന്നോ പറഞ്ഞു ഭരണകൂടം കൈകഴുകാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. ഭരണകൂടത്തിന്റെയോ കോർപ്പറേറ്റ് വ്യവസായികളുടെയോ ആവശ്യങ്ങൾക്കുവേണ്ടി ജീവസന്ധാരണ മാർഗ്ഗങ്ങൾ നഷ്ടപ്പെടുത്തേണ്ടി വന്നവർ തങ്ങൾ ഒരിക്കലും കുടിയിറക്കപ്പെട്ടുകൂടെന്ന് ചിന്തിക്കുന്നു. അപ്പോൾ മുൻകൂട്ടിയുള്ള സമ്മതപ്രകാരം ഒരൊത്തുതീർപ്പെന്ന നിലയിൽ ഞങ്ങൾ പദ്ധതിയുടെ പ്രഥമ ഗുണഭോക്താക്കളായിരിക്കണമെന്നും ഭൂമിയും നിലനില്പുള്ള ജീവസന്ധാരണ ഉപാധികളും നിർബന്ധപൂർവ്വമായ നഷ്ടപരിഹാരമായി ലഭിക്കണമെന്നും അവർ വാദിക്കുന്നു.

നവോദാര- ആഗോളവൽക്കരണത്തിന്റെ കടന്നുകയറ്റത്തിന്റെ ഫലമെന്നോണം ഭരണകൂടം പൂർണ്ണമായും ദുർബലമാവുകയല്ല ചെയ്യുന്നത് എന്നത് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. നിയമനിർമ്മാണസഭ, നീതിന്യായ സംവിധാനം തുടങ്ങിയ സാമൂഹിക നീതി ഉറപ്പുവരുത്തേണ്ട ഭരണകൂട അനുബന്ധ സംവിധാനങ്ങൾ ഒട്ടൊക്കെ ദുർബലമാകുന്നുണ്ടാകാം. എന്നാൽ ഉദ്യോഗസ്ഥഭരണ സംവിധാനം നയരൂപീകരണ കർത്താക്കൾ എന്ന നിലയിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പുകാരെന്ന നിലയിലും യഥാർത്ഥത്തിൽ കൂടുതൽ അധികാരവും പ്രാധാന്യവും ആർജ്ജിക്കുകയാണ് ചെയ്തിട്ടുള്ളത്.



ചിത്രീകരണം : മനു ചക്രവർത്തി

സൂക്ഷ്മമായി നോക്കുമ്പോൾ കാണുന്നത് വൈദഗ്ധ്യവും അറിവും അവകാശപ്പെടുന്ന കോർപ്പറേറ്റ് സംഘങ്ങളെയും അന്താരാഷ്ട്ര ധനകാരി ഏജൻസികളെയും യഥാർത്ഥത്തിൽ ഉപദേശിക്കുകയും നിർദ്ദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഈ ഉദ്യോഗസ്ഥപ്രഭുക്കളാണെന്നുകാണാം.

ഭരണകൂടത്തിന്റെ പുറമേക്കു കാണുന്ന മുഖമാണ് രാഷ്ട്രീയക്കാർ. പാർട്ടികൾക്ക് കൈയയച്ചു സംഭാവന നൽകുന്ന വ്യാപാര മാഫിയകളുടെ സമ്മർദ്ദങ്ങൾ മൂലം പ്രബല വീക്ഷണങ്ങൾക്കപ്പുറത്തുള്ള എന്തെങ്കിലും ബദൽ സാധ്യതകൾ അവരുടെ മനസ്സിൽ വരുന്നതേയില്ല. അതുകൊണ്ടുതന്നെ മൂലധനാധിപത്യത്തെ തറന്നുകാട്ടുകയെന്നത് സാമൂഹികപ്രവർത്തനത്തിന്റെ ഭാഗമായ ഒരു സമരമായിത്തീരുന്നു. അനീതിയാൽ അതിജീവനം സാധ്യമാകുന്ന സാമൂഹികവ്യവസ്ഥയുടെ സാധുത ചോദ്യം ചെയ്യുന്നതിന് അഹിംസാത്മകവും തന്ത്രപരവുമായി മറയ്ക്കു. പിന്നിലെ അവിശുദ്ധ കൂട്ടുകെട്ടുകളെ തുറന്നുകാണിക്കുകയാണ് വേണ്ടത്. പ്രശ്നബാധിതരായ ആളുകളുടെ പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ എൻ.ബി.എ. ഇതാണ് ചെയ്യാൻ ശ്രമിക്കുന്നത്. ഇതല്ലാതെ യഥാർത്ഥ സാമൂഹ്യനീതിക്കും നിലനിൽക്കുന്ന വികസനത്തിനും വേണ്ടിയുള്ള പ്രതിവാദങ്ങൾക്ക് പ്രകാശിതമാക്കപ്പെടുന്നതിനുള്ള മങ്ങിയ സാധ്യത മാത്രമാണുള്ളത്.

ഇത് ഫലപ്രദമായ ഒരു തന്ത്രമാണ്. അതിന്റെ സമരചരിത്രത്തിൽ തുടക്കംമുതൽക്കുതന്നെ എൻ.ബി.എ. അപകീർത്തികരമായ പ്രചരണങ്ങളെ നേരിടുന്നുണ്ട്. എപ്പോഴൊക്കെ അതിന്റെ പ്രവർത്തനങ്ങൾ ശക്തിബന്ധങ്ങളെ ബാധിച്ചിട്ടുണ്ടോ അപ്പോഴൊക്കെ മേധാവിത്വശക്തികൾ ജനകീയ പ്രസ്ഥാനങ്ങളെ നിക്ഷിപ്ത താല്പര്യങ്ങളാൽ നയിക്കപ്പെടുന്നവയെന്നും വിദേശദല്ലാളുകളെന്നും രാജ്യത്തിന്റെ സുഗമ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്ന ദേശദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്നവയെന്നും ആരോപിച്ച് അവയുടെ സാധൂകരണമില്ലാതാക്കാൻ ശ്രമിക്കാറുണ്ട്. സാമൂഹിക പ്രവർത്തകർക്കും ജനകീയ പ്രസ്ഥാനങ്ങൾക്കും നേർക്കുള്ള ഇത്തരം ആക്രമണങ്ങളിലൂടെ സാമൂഹ്യനീതിയെക്കുറിച്ചുള്ള ബദൽ കാഴ്ചപ്പാടുകളെ അടിച്ചമർത്തുക മാത്രമല്ല, പാർശ്വവൽക്കരണവും അധഃസ്ഥിതാവസ്ഥയും സാധാരണകാര്യങ്ങളായെണ്ണുന്ന പ്രബലവീക്ഷണങ്ങളെ സംരക്ഷിക്കുന്നതിനും അവർക്ക് കഴിയുന്നു.

*(തുടരും)*

*റിസർച്ച് സ്കോളർ, സ്ക്കൂൾ ഓഫ് സോഷ്യൽ സയൻസസ്,*
*എം. ജി. യൂണിവേഴ്സിറ്റി, കോട്ടയം*

**കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക**

- ആയുർവ്വേദത്തിന്റെ ആരോഗ്യം?
  ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്
- സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
  ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
- മഴ – അറിവ്, അനുഭവം
  ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ
- കുടുംബം, ലൈംഗികത
  ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ
- സാമൂഹ്യനീതിക്കായുള്ള സാമൂഹ്യപ്രവർത്തനം
  ഗസ്റ്റ് എഡിറ്റർ : എൻ.പി. ജോൺസൺ

**ഡോക്യുമെന്ററി സിനിമകൾ**

ജനകീയ സമരങ്ങളുടെ, സാമൂഹ്യ പ്രശ്നങ്ങളുടെ, ബദൽ അന്വേഷണങ്ങളുടേയും ഡോക്യുമെന്ററി സിനിമകൾ. പ്ലാച്ചിമട, അതിരപ്പിള്ളി, ജലം, ചാലിയാർ........ വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും

കേരളീയം

കൊക്കാലെ, തൃശൂർ 21. ഫോൺ : 9388872845, 9447674375

**books | magazines | periodicals**

Byword BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577

**for rare and new books**